## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2412
## 06.12.2018- ലെ മറുപടിക്ക്

### യാത്രാബത്ത ബില്ല്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ. എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | 3.10.2012 ലെ സർക്കുലർ നമ്പർ 57/2012 പ്രകാരം വ്യോമമാർഗ്ഗം ഔദ്യോഗിക യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന് യാത്രാ ബത്ത ബില്ല് സമർപ്പിക്കുമ്പോൾ ബോർഡിംഗ് പാസ് ഹാജരാക്കേണ്ടതുണ്ടോ; | ഉണ്ട്.<br><br>15.10.2018 ലെ സർക്കുലർ നം. 94/2018/ധന പ്രകാരം ഔദ്യോഗിക ആവശ്യത്തിനായ് സർക്കാർ ഉദ്യോഗസ്ഥർ വിമാന മാർഗ്ഗം യാത്ര ചെയ്യുന്നതിനായി ODEPC വഴി വിമാന ടിക്കറ്റ് എടുക്കുന്ന സാഹചര്യങ്ങളിൽ യാത്രാബത്താ ബില്ലിനോടൊപ്പം ബോർഡിംഗ് പാസ് ഉള്ളടക്കം ചെയ്യേണ്ടതില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. (ഉള്ളടക്കം ചെയ്തിട്ടുണ്ട്). |
| (ബി) | ബോർഡിംഗ് പാസ് ഹാജരാക്കാത്ത ബില്ലുകൾ പൊതുഭരണ (അക്കൗണ്ട്സ്) വിഭാഗത്തിൽ നിന്നോ, ധനവകുപ്പിൽ നിന്നോ പാസാക്കി കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) | പ്രസ്തുത ബില്ലുകൾ പരിശോധിച്ച വകയിൽ എ.ജി.യുടെ പരാമർശങ്ങൾ വന്ന കേസുകൾ വിശദമാക്കാമോ; | കഴിഞ്ഞ കുറച്ച് വർഷങ്ങളായി വ്യോമയാത്രാ നിരക്ക്, അവയുടെ ഘടന, എയർലൈനുകൾ ഈടാക്കുന്ന ചാർജ്ജുകൾ, അവ നൽകുന്ന സൗകര്യങ്ങൾ, എയർലൈനുകളുടെ എണ്ണം എന്നിവയിൽ വലിയ തോതിലുള്ള മാറ്റം വന്നിട്ടുണ്ട്. അതിനനുസൃതമായി വ്യോമയാത്ര നിരക്കുകളിൽ ദിനം പ്രതി വ്യത്യാസം വരികയും വിവിധ എയർലൈനുകൾ വ്യത്യസ്ത നിരക്കുകൾ ഈടാക്കുകയും ചെയ്തു വരുന്നു. ബാഗേജ്, സീറ്റ് തിരഞ്ഞെടുപ്പ്, ഭക്ഷണം, ടിക്കറ്റ് റദ്ദാക്കൽ എന്നിവയിക്ക് ബജറ്റ് എയർലൈനുകൾ പ്രത്യേകം ചാർജ് ഈടാക്കുന്നുണ്ട്. മുൻകാലങ്ങളിൽ ടിക്കറ്റ് റദ്ദാക്കൽ, പുന.ക്രമീകരണം മറ്റ് സേവനങ്ങൾ തുടങ്ങിയവ സൗജന്യമായോ നേരിയതുക ഈടാക്കിയോ ആണ് നൽകി വന്നിരുന്നത്. ഇപ്പോൾ എയർലൈനുകൾ ഇവയ്ക്ക് ഓരോന്നിനും പ്രത്യേകം തുക ഈടാക്കുന്നുണ്ട്.<br><br>01.05.2016 മുതൽ 31.01.2018 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ സെക്രട്ടേറിയറ്റിലെ ഓഫീസർമാരുടെ വ്യോമയാത്രാ ബില്ലുകളിൽ ആഡിറ്റ് പരാമർശം |
| (ഡി) | എ.ജി.യുടെ പരാമർശം വന്ന ടി.എ. ബില്ലുകളിൽ ഉൾപ്പെട്ടിട്ടുള്ള സെക്രട്ടേറിയറ്റിലെ ഐ.എ.എസ്/ ഉന്നത ഉദ്യോഗസ്ഥർ ആരെല്ലാമെന്നും എത്ര തുകയാണ് ഈ ഇനത്തിൽ എ.ജി. തടസവാദം ഉന്നയിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | ഉന്നയിച്ചിട്ടുണ്ട്. വ്യോമയാത്ര നിരക്കിലെ വ്യതിയാനത്തിന്റെയും വ്യോമമേഖലയിലെ നൂതന സമ്പ്രദായങ്ങളുടെയും അടിസ്ഥാനത്തിൽ വ്യോമയാത്രയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |

Ranjit

**അക്കൗണ്ട്സ് ഓഫീസർ**

കേരള സർക്കാർ

ധനകാര്യ (വ്യയം-സി) വകുപ്പ്

<u>സർക്കുലർ</u>

നം.94/2018/ധന                                                തീയതി, തിരുവനന്തപുരം,15.10.2018

വിഷയം: ഗസറ്റഡ് ഓഫീസർമാരുടെ വ്യോമയാത്ര – യാത്രാബത്ത ബില്ലുകളുടെ അനുമതി - കൂടുതൽ വ്യക്തത വരുത്തി നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന: സർക്കുലർ നം. 57/2012/ധന, തീയതി 03.10.2012.

പരാമർശം (1) പ്രകാരം വ്യോമമാർഗ്ഗം ഔദ്യോഗിക യാത്രചെയ്യുന്ന ഉദ്യോഗസ്ഥന് യാത്രാബത്ത ബില്ല് സമർപ്പിക്കുമ്പോൾ ബോർഡിംഗ് പാസിനൊപ്പം വിമാനയാത്രച്ചിലവ് കാണിക്കുന്ന ടിക്കറ്റ് കൗണ്ടർഫോയിലോ പകർപ്പ് ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഇന്ത്യയ്ക്ക് പുറത്ത് വിമാനയാത്ര നടത്തുന്ന ജീവനക്കാർക്ക് ബോർഡിംഗ് പാസുകൾ സൂക്ഷിക്കാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബോർഡിംഗ് പാസ്സ് നഷ്ടപ്പെട്ടാൽ യാത്രാബത്ത ബില്ല് പാസാക്കുന്നതിൽ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

ഔദ്യോഗിക ആവശ്യത്തിനായി സർക്കാർ ഉദ്യോഗസ്ഥർ വിമാനമാർഗ്ഗം യാത്രചെയ്യുന്നതിനായി ODEPC വഴി വിമാന ടിക്കറ്റ് എടുക്കുന്ന സന്ദർഭങ്ങളിൽ യാത്രാബത്ത ബില്ലിനോടൊപ്പം ബോർഡിംഗ് പാസ്സ് ഉള്ളടക്കം ചെയ്യേണ്ടതില്ല. ODEPC വഴി അല്ലാതെ ടിക്കറ്റ് എടുക്കുന്ന സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥർ ബോർഡിംഗ് പാസ്സ് യാത്രാബത്ത ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ ബോർഡിംഗ് പാസ്സ് നഷ്ടപ്പെടുകയാണെങ്കിൽ, ആയതിനാൽ ബോർഡിംഗ് പാസ്സ് നഷ്ടപ്പെട്ടു എന്നും വകുപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ഉദ്യോഗസ്ഥർ യാത്രാബത്ത ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശം വിമാനമാർഗ്ഗം ഔദ്യോഗിക യാത്ര നടത്തുന്ന എല്ലാ ജീവനക്കാരും കർശനമായും പാലിക്കേണ്ടതാണ്.

മനോജ് ജോഷി
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസുകൾക്കും
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും / സെക്ഷനുകൾക്കും

6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (കവറിംഗ് ലറ്റർ സഹിതം)
8. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (കവറിംഗ് ലറ്റർ സഹിതം)
9. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (കവറിംഗ് ലറ്റർ സഹിതം)
10. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/ശ്രീ. ശങ്കരാചാര്യ/മഹാത്മാഗാന്ധി സർവകലാശാലകൾ (കവറിംഗ് ലറ്റർ സഹിതം)
11. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (കവറിംഗ് ലറ്റർ സഹിതം)
12. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (കവറിംഗ് ലറ്റർ സഹിതം)
13. ഗവർണ്ണറുടെ സെക്രട്ടറി (കവറിംഗ് ലറ്റർ സഹിതം)
14. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ
15. സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
16. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം.
17. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
18. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
19. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
20. സെക്രട്ടറി, നിയമസഭ സെക്രട്ടറിയേറ്റ്
21. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് (കവറിംഗ് ലറ്റർ സഹിതം)
22. സെക്രട്ടറി, ഓംബുഡ്സ്മാൻ, തിരുവനന്തപുരം
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ

Ranjit